Australian Government
Aged Care Quality and Safety Commission

Engage
*Empower*
**Safeguard**

# ഏജ്ഡ് കെയർ ക്വാളിറ്റി ആൻഡ് സേഫ്റ്റി കമ്മീഷൻ എന്നാൽ എന്താണ്?



**ഓസ്ട്രേലിയൻ സർക്കാർ നൽകുന്ന ധനസഹായത്തോടെ പ്രവർത്തിക്കുന്ന വയോജന പരിചരണ സേവനങ്ങൾ ഉപയോഗിക്കുന്ന ആളുകളെ സംരക്ഷിക്കുക എന്നതാണ് ഏജഡ് കെയർ ക്വാളിറ്റി ആൻഡ് സേഫ്റ്റി കമ്മീഷന്റെ ജോലി.**

നിങ്ങൾക്ക് വയോജന പരിചരണ സേവനങ്ങൾ സ്വീകരിക്കുമ്പോൾ, നിങ്ങൾക്ക് ഇനിപ്പറയുന്ന കാര്യങ്ങൾക്കുള്ള അവകാശങ്ങളുണ്ട്:

- അന്തസ്സും ബഹുമാനവും
- നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്ന തരത്തിലുള്ള സുരക്ഷിതവും ഗുണനിലവാരമുള്ളതുമായ പരിചരണം.

സേവനങ്ങൾ സാധ്യമായ ഏറ്റവും മികച്ച പരിചരണം നൽകുന്നുണ്ടെന്നും അവകാശങ്ങളുടെ പ്രസ്താവനയ്ക്ക് അനുസൃതമായി സേവനങ്ങൾ നൽകുന്നുണ്ടെന്നും ഉറപ്പാക്കുന്നതിന് ഞങ്ങൾ സഹായിക്കുന്നു.

ഞങ്ങൾ ഇനിപ്പറയുന്ന കാര്യങ്ങൾ വഴിയാണ് ഇത് ചെയ്യുന്നത്:

- വയോജന പരിചരണം നൽകുന്നതിന് ദാതാക്കളെ രജിസ്റ്റർ ചെയ്യുക വഴി
- സേവനങ്ങൾ വയോജന പരിചരണ ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുക വഴി
- ദാതാക്കളും വർക്കർമാരും വയോജന പരിചരണ പെരുമാറ്റച്ചട്ടം പാലിക്കുന്ന രീതിയിൽ പെരുമാറുന്നുവെന്ന് ഉറപ്പാക്കുക വഴി
- വയോജന പരിചരണ സേവനങ്ങളെ കുറിച്ചുള്ള പരാതികൾ പരിശോധിക്കുക വഴി
- മാനദണ്ഡങ്ങൾ പാലിക്കുന്നില്ലെങ്കിലോ ആളുകളുടെ അവകാശങ്ങളെ ബഹുമാനിക്കുന്നില്ലെങ്കിലോ ദാതാക്കളെ മാറ്റണമെന്ന് ആവശ്യപ്പെടുക വഴി
- ഫീസുകളും സംഭാവനകളും ധനസഹായവും ദാതാക്കൾ ശരിയായി കൈകാര്യം ചെയ്യുന്നുവെന്ന് ഉറപ്പാക്കുക വഴി
- ഭാവിയിലെ പുതിയ വയോജന പരിചരണ സ്ഥാപനങ്ങൾ അനുയോജ്യമാണെന്ന് ഉറപ്പാക്കുക വഴി
- ഗുരുതരമായ അപകടസംഭവങ്ങൾ അന്വേഷിക്കുക വഴി
- ഞങ്ങളുടെ കണ്ടെത്തലുകളെ കുറിച്ചുള്ള വിവരങ്ങൾ പ്രസിദ്ധീകരിക്കുക വഴി
- നല്ല പരിചരണം എന്താണ് അർത്ഥമാക്കുന്നതെന്നും സേവനങ്ങളിൽ നിന്ന് എന്തൊക്കെയാണ് പ്രതീക്ഷിക്കേണ്ടതെന്നും വിശദീകരിക്കുക വഴി.

ഞങ്ങളുടെ ജോലിയിൽ മിക്ക വയോജന പരിചരണ സേവനങ്ങളും ഉൾക്കൊള്ളുന്നു, എന്നാൽ റിട്ടയർമെന്റ് വില്ലേജുകൾ ഇതിൽ ഉൾപ്പെടുന്നില്ല.

## നിങ്ങളെ ഞങ്ങൾക്ക് എങ്ങനെ സഹായിക്കാനാകും?

ഫീഡ്ബാക്ക് നൽകാനും പരാതികൾ നൽകാനുമുള്ള നിങ്ങളുടെ അവകാശത്തെ അവകാശങ്ങളുടെ പ്രസ്താവന പരിരക്ഷിക്കുന്നു. *2024-ലെ വയോജന പരിചരണ നിയമത്തിൽ* അവതരിപ്പിച്ചിരിക്കുന്ന അവകാശങ്ങളുടെ പ്രസ്താവന, വയോജന പരിചരണ സേവനങ്ങൾ പ്രയോജനപ്പെടുത്തുമ്പോൾ നിങ്ങൾക്കുള്ള അവകാശങ്ങളെ വിവരിക്കുന്നു.

നിങ്ങളുടെ പരിചരണത്തെ കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും ആശങ്കയുണ്ടെങ്കിൽ, അത് പരിഹരിക്കാൻ നിങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കാൻ നിങ്ങളുടെ സേവനത്തോട് ആവശ്യപ്പെടാവുന്നതാണ്.

നിങ്ങളുടെ സേവനത്തിന് ഫീഡ്ബാക്കും പരാതികളുമായി ബന്ധപ്പെട്ട ഒരു പ്രതികരണ പ്രക്രിയ ഉണ്ടായിരിക്കണം. നിങ്ങളുടെ ആശങ്കകൾ പരിഹരിക്കാൻ അവർ എന്താണ് ചെയ്യുന്നതെന്ന് അവർ നിങ്ങളോട് പറയണം. ഒരു പരാതി നൽകുന്നുവെന്ന കാരണത്തിനാൽ നിങ്ങളോട് വ്യത്യസ്തമായി പെരുമാറാൻ അവർക്ക് കഴിയില്ല.

ഞങ്ങൾക്ക് ഒരു സൗജന്യ പരാതി സേവനമുണ്ട്. നിങ്ങളുടെ ആശങ്കകളോട് നിങ്ങളുടെ ദാതാവ് എങ്ങനെ പ്രതികരിച്ചു എന്നതുമായി ബന്ധപ്പെട്ട് നിങ്ങൾക്ക് സംതൃപ്തി ഇല്ലെങ്കിൽ നിങ്ങൾക്ക് ഞങ്ങളോട് സംസാരിക്കാം. നിങ്ങളുടെ സേവനത്തെ കുറിച്ചോ അവകാശങ്ങളെ കുറിച്ചോ നിങ്ങൾക്ക് ഞങ്ങളോട് ചോദ്യങ്ങൾ ചോദിക്കാനും കഴിയും.

ഞങ്ങൾ ഇനിപ്പറയുന്ന കാര്യങ്ങൾ ചെയ്യുക വഴി സഹായിക്കും:

- നിങ്ങൾക്ക് പറയാനുള്ളത് കേൾക്കുക വഴി
- ശരിയായ വിവരങ്ങൾ നൽകുക വഴി
- ആശങ്കകൾ പരിഹരിക്കുന്നതിന് നിങ്ങളുമായും നിങ്ങളുടെ സേവനവുമായും സഹകരിച്ച് പ്രവർത്തിക്കുക വഴി.

നിങ്ങളുടെ പേരിൽ ഞങ്ങളെ ബന്ധപ്പെടാൻ ഒരു കുടുംബാംഗത്തിനോ സുഹൃത്തിനോ അഡ്വക്കേറ്റിനോ അനുമതി നൽകാവുന്നതാണ്. നിങ്ങൾക്ക് ആഗ്രഹിക്കുന്നുവെങ്കിൽ സംഭാഷണങ്ങൾ രഹസ്യസ്വഭാവമുള്ളതോ അജ്ഞാതമോ ആകാം.

നിങ്ങൾക്ക് ഞങ്ങളെ ഫോൺ, ഓൺലൈൻ ഫോം, ഇമെയിൽ അല്ലെങ്കിൽ പോസ്റ്റ് വഴി ബന്ധപ്പെടാവുന്നതാണ്.

## നിങ്ങൾക്ക് മറ്റെവിടെ നിന്ന് സഹായം ലഭിക്കും?

നിങ്ങൾക്ക് സഹായിക്കാൻ ഒരു സ്വതന്ത്ര വയോജന പരിചരണ അഡ്വക്കേറ്റിനോട് ആവശ്യപ്പെടാം. ഒരു അഡ്വക്കേറ്റിന് ഇനിപ്പറയുന്ന കാര്യങ്ങൾ ചെയ്യാനാകും:

- നിങ്ങളുടെ അവകാശങ്ങൾ മനസ്സിലാക്കാൻ നിങ്ങളെ സഹായിക്കുക
- ഒരു വയോജന പരിചരണ പ്രശ്നത്തെ കുറിച്ച് നിങ്ങളുടെ സേവനവുമായി സംസാരിക്കാൻ നിങ്ങളെ സഹായിക്കുക
- ഞങ്ങളുടെ പക്കൽ പരാതികൾ ഉന്നയിക്കുക
- നിങ്ങളുടെ വയോജന പരിചരണ പ്രശ്നങ്ങൾ പരിഹരിക്കുക.

ഓൾഡർ പേഴ്സൺസ് അഡ്വക്കസി നെറ്റ്‌വർക്ക് വെബ്സൈറ്റ് സന്ദർശിച്ചോ **1800 700 600** എന്ന നമ്പറിൽ വിളിച്ചോ നിങ്ങൾക്ക് സൗജന്യവും രഹസ്യസ്വഭാവമുള്ളതുമായ സഹായം സ്വീകരിക്കാവുന്നതാണ്.

**അവകാശങ്ങളുടെ പ്രസ്താവന**
agedcarequality.gov.au/older-people/your-rights

**ഏജഡ് കെയർ ക്വാളിറ്റി ആൻഡ് സേഫ്റ്റി കമ്മീഷൻ എന്നാൽ എന്താണ്?**
agedcarequality.gov.au/contact-us

**വയോജന പരിപാലന പെരുമാറ്റച്ചട്ടം**
agedcarequality.gov.au/older-people/your-rights/aged-care-code-conduct

**വയോജന പരിചരണ ഗുണനിലവാര മാനദണ്ഡങ്ങൾ**
agedcarequality.gov.au/older-australians/your-rights/aged-care-quality-standards

**ഓൾഡർ പേഴ്സൺസ് അഡ്വക്കസി നെറ്റ്‌വർക്ക് വെബ്സൈറ്റ്**
opan.org.au

1800 951 822
agedcarequality.gov.au
നിങ്ങളുടെ തലസ്ഥാന നഗരിയിൽ സ്ഥിതി ചെയ്യുന്ന Aged Care Quality and Safety Commission, GPO Box 9819

**ഈ ഉറവിടം ഓൺലൈനിൽ കണ്ടെത്തുക**
agedcarequality.gov.au/resource-library/what-aged-care-quality-and-safety-commission-fact-sheet

EEC006